**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**

**ഡയറക്ടറേറ്റ് (ഹെഡ് ക്വാർട്ടേഴ്സ്)**

**വഴുതയ്ക്കാട്, തിരുവനന്തപുരം - 695014**

**ഫോൺ.0471 - 2778760/1, ഇ - മെയിൽ:soildirector@gmail.com**

നം. **SSSC/1909/2026-FIN1** തീയതി:**06-08-2026**

## ക്വട്ടേഷൻ നോട്ടീസ്

വിനോദസഞ്ചാരവകുപ്പിന്റെ ആഭിമുഖ്യത്തിൽ **2026** ആഗസ്റ്റ് **24** മുതൽ **30** വരെ തിരുവനന്തപുരത്ത് നടക്കുന്ന ഓണം വാരാഘോഷത്തിന്റെ ഭാഗമായി ആഗസ്റ്റ് **30**-ാം തീയതിയിലെ ഓണാഘോഷ സമാപന ചടങ്ങിലെ ഓണാഘോഷ ഘോഷയാത്രയിൽ പ്രദർശിപ്പിക്കുന്ന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ഫ്ലോട്ടിന് അകമ്പടിയായി ഒരു വനിതാ ശിങ്കാരിമേളം അവതരിപ്പിക്കുന്നതിലേക്ക് അംഗീകൃത ട്രൂപ്പുകളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.യാത്രാച്ചിലവ്, നികുതികൾ, മറ്റനാമത്തുക്കൾ എല്ലാമുൾപ്പെടുന്ന തുകയാണ് സമർപ്പിക്കേണ്ടത്. കവടിയാർ മുതൽ കിഴക്കേകോട്ട വരെ നടക്കുന്ന ഓണാഘോഷ ഘോഷയാത്രയിൽ വനിതാ ശിങ്കാരിമേളം അവതരിപ്പിക്കുവാൻ താൽപര്യമുള്ള അംഗീകൃത ട്രൂപ്പുകൾ മണ്ണ് പര്യവേക്ഷണ അഡീഷണൽ ഡയറക്ടർ മുൻപാകെ സീൽ ചെയ്ത ക്വട്ടേഷനുകൾ **13/08/2026** ഉച്ചയ്ക്ക് **2** മണിക്ക് മുൻപ് നേരിട്ടോ തപാൽ മുഖേനയോ "ഡയറക്ടർ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റ്, സെൻട്രൽ പ്ലാസ ബിൽഡിംഗ് ഫ്ലോർ നം. 3&4 വഴുതക്കാട്, തൈക്കാട് പി ഒ" എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

## വനിതാ ശിങ്കാരിമേളം നിബന്ധനകൾ

- **ചെണ്ട-6 പേർ**
- **വലംതല-3പേർ**
- **ട്യൂണർ -3പേർ**

- **ഇലത്താളം -6 പേർ**
- **ആകെ പതിനെട്ട് വനിതാംഗങ്ങൾ ഉണ്ടായിരിക്കണം**

കവറിനുമുകളിൽ " **ഓണം ഘോഷയാത്ര 2026 - വനിതാ ശിങ്കാരിമേളം**" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ **13/08/2026** വൈകിട്ട് **4** മണിക്ക് തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന ക്വട്ടേഷൻ സ്വീകരിക്കുന്നതുമാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറിൽ നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ **10.15 AM** മുതൽ **5.15 PM** വരെ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടറേറ്റിൽ നേരിട്ടോ , ജൂനിയർ സൂപ്രണ്ട് ശ്രീ വിനോദ് കുമാർ എ.കെയുടെ നമ്പറിലോ **(Ph: 9400156127)** ബന്ധപ്പെടാവുന്നതാണ്.

Digitally signed by
Dathan C S
Date: 06-08-2026
11:11:48

**DATHAN C S**

**ADDITIONAL DIRECTOR OF SOIL SURVEY**